# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 ഏപ്രിൽ 17

# വാർത്താക്കുറിപ്പ്

---

**പരീക്ഷ തീയതി**

ആറാം സെമസ്റ്റർ ബി.ആർക് (2016 അഡ്മിഷൻ റഗുലർ/2015 അഡ്മിഷൻ ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി/2015ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ മെയ് 15നും നാലാം സെമസ്റ്റർ ബി.ആർക് (2017 അഡ്മിഷൻ റഗുലർ/2016 അഡ്മിഷൻ ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി/2016ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ മെയ് 16നും ഒന്നും രണ്ടും സെമസ്റ്റർ (2018 അഡ്മിഷൻ റഗുലർ/2017 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി/2017ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ മെയ് 17നും ആരംഭിക്കും. പിഴയില്ലാതെ ഏപ്രിൽ 27 വരെയും 500 രൂപ പിഴയോടെ 29 വരെയും 1000 രൂപ സൂപ്പർഫൈനോടെ മെയ് രണ്ടുവരെയും അപേക്ഷിക്കാം. റഗുലർ വിദ്യാർഥികൾ സെമസ്റ്ററിന് 200 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 50 രൂപ വീതവും (സെമസ്റ്ററിന് പരമാവധി 200 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം.

(പി.ആർ.ഒ./39/736/2019)

**പ്രാക്ടിക്കൽ**

അവസാന വർഷ ബി.ഡി.എസ്. പാർട്ട്-II (2008 അഡ്മിഷൻ മുതൽ/2008ന് മുമ്പുള്ള അഡ്മിഷൻ) മേഴ്സി ചാൻസ് മാർച്ച് 2019 പരീക്ഷയുടെ പ്രാക്ടിക്കൽ ഏപ്രിൽ 22 മുതൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/737/2019)

അവസാന വർഷ ബി.ഡി.എസ്. പാർട്ട്-I (2008 അഡ്മിഷൻ മുതൽ) മേഴ്സി ചാൻസ് മാർച്ച് 2019 പരീക്ഷയുടെ പ്രാക്ടിക്കൽ ഏപ്രിൽ 26 മുതൽ മെയ് മൂന്നുവരെ മൂവാറ്റുപുഴ അന്നൂർ ഡെന്റൽ കോളേജിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/738/2019)

**ഡിപ്ലോമ ഇൻ ഓർഗാനിക് ഫാമിംഗ് പ്രവേശനം**

ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ്ലോങ് ലേണിംഗ് ആന്റ് എക്സ്റ്റൻഷന്റെ നേതൃത്വത്തിൽ നടത്തുന്ന ഡിപ്ലോമ ഇൻ ഓർഗാനിക് ഫാമിംഗ് കോഴ്സിന്റെ പുതിയ ബാച്ചിലേക്ക് അഡ്മിഷൻ ആരംഭിക്കുന്നു. പത്താം ക്ലാസ് വിജയവും ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ്ലോങ് ലേണിംഗ് ആന്റ് എക്സ്റ്റൻഷൻ നടത്തുന്ന സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഓർഗാനിക് ഫാമിംഗ് കോഴ്സ് വിജയവുമാണ് യോഗ്യത. 8100 രൂപയാണ് ഫീസ്. താല്പര്യമുള്ളവർ ഏപ്രിൽ 26ന് രാവിലെ 10.30ന് അസൽ രേഖകൾ സഹിതം ഹാജരാകണം. വിശദവിവരത്തിന് ഫോൺ: 0481-2731560, 2731724.

(പി.ആർ.ഒ./39/739/2019)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ